# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1344**

**07.06.2018-ന് മറുപടിയ്ക്ക്**

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

**ചോദ്യം**

ശ്രീ.മഞ്ഞളാംകുഴി അലി

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചതിനു ശേഷം പൊതുവിദ്യാലയങ്ങളിൽ ചേർക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്;

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചതിനു ശേഷം പൊതുവിദ്യാലയങ്ങളിൽ ചേർക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016-17 അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് 2017-18 അദ്ധ്യയന വർഷത്തിൽ ഏകദേശം നാല് ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) ഈ പദ്ധതി ആരംഭിച്ചതിനു ശേഷം പൊതുവിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് നിരക്കിലുണ്ടായ വ്യത്യാസം എപ്രകാരമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പരിശോധിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു. കഴിഞ്ഞ അഞ്ചുവർഷത്തെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | കൊഴിഞ്ഞുപോക്ക് ശതമാനത്തിൽ |
|---|---|
| 2012 - 2013 | 0.48 |
| 2013 - 2014 | 0.27 |
| 2014 - 2015 | 0.34 |
| 2015 - 2016 | 0.22 |
| 2016 - 2017 | 0.20 |

(സി) കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളെ വിദ്യാലയങ്ങളിൽ തിരികെയെത്തിക്കുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(സി) കൊഴിഞ്ഞുപോക്ക് തടയുന്നതിന് പ്രാദേശികമായ നടപടികൾ അതാത് വിദ്യാഭ്യാസ ഓഫീസർമാരുടേയും എസ്.എസ്.എയുടേയും നേതൃത്വത്തിൽ സ്വീകരിച്ചിട്ടുണ്ട്.

Namidha
സെക്ഷൻ ഓഫീസർ